ശ്രീ. പി. രവീന്ദ്രൻ: അതിന്റെ വ്യക്തമായ കണക്ക് എന്റെ കൈവശമില്ല.

ശ്രീ. ബി. മാധവൻനായർ: അധികം ചുമതലയും ജോലിതിരക്കും ഉണ്ടെങ്കിലും രാജ്യത്തിന്റെ മുഖച്ഛായതന്നെ മാറുന്നതിന് പര്യാപ്തമായ കപ്പൽനിർമ്മാണകേന്ദ്രത്തിന്റെ ഔദ്യോഗികമായ പ്രഖ്യാപനം കേന്ദ്ര ഗവൺമെന്റിൽനിന്നും താമസിയാതെ ഉണ്ടാകുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി വ്യക്തിപരമായ താൽപര്യം എടുത്ത് ആ സ്ഥാപനം ഉടനെ തന്നെ ആരംഭിക്കുന്നതാണെന്ന് ജനങ്ങൾക്ക് ഉറപ്പു നൽകുമോ?

ശ്രീ. പി. രവീന്ദ്രൻ: ഇൻഡ്യൻ പ്രധാനമന്ത്രിയോടും മറ്റു പല മന്ത്രിമാരോടും ഇതിനെസംബന്ധിച്ചു നിവേദനം നടത്തിയിരുന്നു. വളരെ വേഗം ഇതിനെസംബന്ധിച്ചുള്ള പ്രഖ്യാപനം ഉണ്ടാകുമെന്നാണ് അവരിൽ നിന്നും കിട്ടിയ ധാരണ.

ശ്രീ. എ. പി. കുഞ്ഞമ്പു: കൊച്ചി കപ്പൽ നിർമ്മാണകേന്ദ്രത്തിന്റെ ശ്രദ്ധയെ ആകെ തിരിച്ച് വിടത്തക്കവണ്ണം മിത്സുബിഷി കമ്പനിക്കാർ കൊച്ചി ഹാർബറിന്റെ വികസനത്തിനുവേണ്ടി ശ്രമിക്കുന്നുണ്ടെന്നുള്ളവിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ഗവൺമെന്റിൽ നിന്നും എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മി. സ്പീക്കർ: ചോദ്യം 507 പോലീസു നയം ഗവൺമെന്റു നയത്തെ പ്രതിപാദിക്കുന്ന ചോദ്യം അനുവദിക്കാൻ പാടില്ലാത്തതാണ്. എങ്കിലും വന്ന സ്ഥിതിക്ക് അതു ചോദിക്കാൻ ഞാൻ അനുവദിക്കുന്നു.

പോലീസുനയം

* 145. (507) ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യത്തിനു വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റിന്റെ പോലീസു നയവും ഇ. എം. എസ്. മുഖ്യമന്ത്രിയായിരുന്നപ്പോൾ ഉള്ള പോലീസു നയവും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ) അടിസ്ഥാനപരമായി വ്യത്യാസമൊന്നുമില്ല.

വെടിവയ്പുകളെക്കുറിച്ചുള്ള അന്വേഷണം

* 146. (508) ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ. എം. എസ്. ആഭ്യന്തരമന്ത്രിയായിരുന്ന കാലത്ത് വിഴിഞ്ഞം, പൂവ്വാർ, കാസർകോട്, അഞ്ചൽ, കുളമാവ്, വീയപുരം എന്നീ സ്ഥലങ്ങളിൽ നടന്ന വെടിവയ്പുകളെക്കുറിച്ചു അന്വേഷണം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്തെല്ലാം വെടിവയ്പുകളെക്കുറിച്ച് അന്വേഷണ ഉത്തരവായി;

(സി) എതിന്റെയെല്ലാം റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു;

(ഡി) റിപ്പോർട്ടിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവെന്നു പറയുമോ;

(ഇ) മൊത്തം എത്രപേർ മരിച്ചു; എത്രപേർക്കു പരിക്കുപറ്റി?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദു കോയ):

(എ) ഉണ്ട്.

(ബി) എല്ലാ വെടിവയ്പ്പുകളെസംബന്ധിച്ചും അന്വേഷണ ഉത്തരവുണ്ടായി. അതിൽ കാസർകോട്ടുള്ള അന്വേഷണം പിന്നീടു വേണ്ടെന്നു വയ്ക്കുകയുണ്ടായി.

(സി) വീയപുരം, അഞ്ചൽ എന്നിവയെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു കഴിഞ്ഞു.

(ഡി) ആ റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നു.

(ഇ) പത്തു പേർ മരിച്ചു, 40 പേർക്കു പരിക്കു പറ്റി.

ശ്രീ. ടി. എ. മജീദ്: വിഴിഞ്ഞത്തും പൂവാറിലും നടന്ന വെടിവയ്പ്പിനെസംബന്ധിച്ചു അന്വേഷണം നടത്തിയതാരാണെന്നു പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിനെസംബന്ധിച്ചു പോലീസ് ക്രമിനൽ കേസു ചാർജു ചെയ്തതുകൊണ്ടു അന്വേഷണം നടത്തിയിട്ടില്ല.

ശ്രീ. ടി. എ. മജീദ്: അന്വേഷണത്തിന് ആരെയെങ്കിലും നിയോഗിച്ചിരുന്നുവോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നിയോഗിച്ചിരുന്നു.

ശ്രീ. ടി. എ. മജീദ്: ആരെയാണ് നിയോഗിച്ചിരുന്നതെന്നു പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആരെയാണു നിയോഗിച്ചിരുന്നുവെന്നുള്ളതിനെപ്പറ്റി ഇവിടെ കാണുന്നില്ല.

ശ്രീ. ടി. എ. മജീദു: എല്ലാ വെടിവയ്പ്പുകളെപ്പറ്റിയും ജുഡീഷ്യൽ അന്വേഷണത്തിനാണോ ഏർപ്പാടു ചെയ്തിട്ടുള്ളത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അല്ല.

(ii) Written Answers.

പബ്ലിക് റിലേഷൻസ് വകുപ്പ്

* 147. (511) ശ്രീ. കെ. സി. വാമദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് റിലേഷൻസ് വകുപ്പു പുനഃസംഘടിപ്പിക്കുവാൻ ഗവൺമെന്റു ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly